# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3721 19.03.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗിന്റെ നടപടിക്രമങ്ങളിലെ കാലതാമസം**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ, ഇലക്ട്രിക്കൽ വിംഗിന്റെ നടപടിക്രമങ്ങളിലെ കാലതാമസം കാരണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) & (ബി) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇലക്ട്രിക്കൽ വിംഗിലെ ജീവനക്കാരുടെ അപര്യാപ്തത മൂലം അപൂർവ്വം ചില പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇലക്ട്രിക്കൽ വിംഗിന്റെ ശാക്തീകരണത്തിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. എല്ലാ കെട്ടിട വിഭാഗം/വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും വൈദ്യുതീകരണ പ്രവൃത്തികൾ സിവിൽ പ്രവൃത്തികളോടൊപ്പം ഏകോപിപ്പിക്കുവാൻ വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) പ്രവൃത്തികൾയാഥാർത്ഥ്യമാക്കു-ന്നതിലേക്കായി തടസ്സങ്ങൾ ദൂരീകരിക്കാൻ വേണ്ട കർശന നിർദ്ദേശം നല്കുമോ? | (സി) | സിവിൽ പ്രവൃത്തികളോടൊപ്പം തന്നെ ഇലക്ട്രിക്കൽ പ്രവൃത്തികളും നടപ്പാക്കാൻ വേണ്ടി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 12/05/2017-ൽ ഒരു പരിപത്രം മുഖേന കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**